**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ബോട്ടുകൾ മത്സ്യ സമ്പത്ത് കൊള്ളയടിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തീരത്ത് നിന്നും മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളെ നിയന്ത്രിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം ബോട്ടുകളിൽ നിന്ന് യൂസേഴ്സ് ഫീ പിരിക്കുന്നുണ്ടോ; എങ്കിൽ ഇവ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാനത്തു രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്ര വല്കൃത യാനങ്ങളിൽ 20 മീറ്ററിനു മുകളിൽ നീളമുള്ളതും 250 HP ക്കു മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ ബോട്ടുകൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിങ് ലൈസൻസ് അനുവദിക്കാറില്ല. അവർക്കു തീരക്കട ലിലൂടെ ഹാർബറുകളിലേക്കു പ്രവേശിക്കു ന്നതിനും ഹാർബറുകളിലെ സൗകര്യ ങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അന്യ സംസ്ഥാന ബോട്ടുകൾക്കും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയി ട്ടുള്ളത്. വാർഷിക പെർമിറ്റ് ഫീസ് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടു ള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇതര സംസ്ഥാന ബോട്ടുകൾ നിരോധിത വലകളുമായി മത്സ്യ സമ്പത്ത് കൊള്ളയടിക്കുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | പേഴ്സ്-സീൻ പെലാജിക് ട്രാൾ, മിഡ് വാട്ടർ ട്രാൾ, ബുൾ ട്രാൾ (പെയർ ട്രാൾ) മുൻകൂർ അനുമതി വാങ്ങാത്ത മറ്റു പുതിയതരം വലകൾ എന്നിവയാണ് KMFR Act ന്റെയും KMFR Rules ന്റെയും അടിസ്ഥാനത്തിൽ കേരളത്തിൽ നിരോധിച്ചിട്ടുള്ള മത്സ്യബന്ധന വലകൾ. ഇത് കൂടാതെ റിംഗ് സീൻ, ബോട്ടം ട്രാൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിലും, സമയങ്ങളിലും തടഞ്ഞിട്ടുണ്ട്. ഇത്തരം വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിയ്ക്കുന്നതിന് KMFR Act ലേയും Rule ലേയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഫിഷറീസ് വകുപ്പും, മറൈൻ |

| | | | |
|---|---|---|---|
| | | | എൻഫോഴ്‌സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, നിരോധിത വലകൾ ഉപയോഗിക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷ ഫലങ്ങൾ മത്സ്യത്തൊഴി ലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടു ക്കുന്നതിനുള്ള ബോധവത്‌കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ